**കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ**

**സംസ്ഥാന കാര്യാലയം**

വിദ്യാഭവൻ, പൂജപ്പുര പി.ഒ., തിരുവനന്തപുരം 695012

ഫോൺ: 0471 2348581, 2342950, 2342271, 2342369 ഫാക്സ്: 0471 2344841

ഇ-മെയിൽ: ksos8581@gmail.com

നം: ഒ.ആർ./1419/15/കെ.എസ്.ഒ.എസ്./എസ്.സി.ഇ.ആർ.ടി തീയതി: 05/06/2015

# പത്രകുറിപ്പ്

## കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ ഹയർ സെക്കണ്ടറി 2015-16 രണ്ടാം വർഷ പ്രവേശനം, പുനഃ പ്രവേശനം അപേക്ഷ ക്ഷണിച്ചു.

ഹയർ സെക്കണ്ടറി കോഴ്സിന് ഗ്രേഡിംഗ് സംവിധാനം നിലവിൽ വന്ന ശേഷം കേരള സിലബസിൽ റഗുലർ സ്കൂളിലോ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ മറ്റ് സ്റ്റേറ്റ് ബോർഡുകളിലോ ചേർന്ന് ഒന്നാം വർഷ പഠനം പൂർത്തിയാക്കുകയും അതിനു ശേഷം ഏതെങ്കിലും കാരണങ്ങളാൽ പഠനം മുടങ്ങുകയും ചെയ്ത വിദ്യാർഥികൾക്ക് ഓപ്പൺ റഗുലർ കോഴ്സിൽ നിലവിലുള്ള സബ്ജക്ട് കോമ്പിനേഷനുകളിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി രണ്ടാം വർഷ പ്രവേശനം അനുവദിക്കുന്നതാണ്. ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്തു ഒന്നാം വർഷം പഠനം പൂർത്തിയാക്കിയതിനു ശേഷം ഏതെങ്കിലും കാരണത്താൽ പഠനം മുടങ്ങിയ ഓപ്പൺ റഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്ക് മുൻപ് രജിസ്റ്റർ ചെയ്തിരുന്ന സബ്ജക്ട് കോമ്പിനേഷനിൽ പുനഃപ്രവേശനവും അനുവദിക്കുന്നതാണ്. ഇതിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ വിദ്യാർഥികൾ ഓപ്പൺ സ്കൂൾ മലബാർ മേഖല ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറത്തും മറ്റ് ജില്ലകളിലെ വിദ്യാർഥികൾ സംസ്ഥാന ഓഫീസിലും അസൽ സർട്ടിഫിക്കറ്റുകളോടൊപ്പം ഒന്നാം വർഷ പരീക്ഷാകേന്ദ്രത്തിലെ പ്രിൻസിപ്പാളിൽ നിന്നും രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടില്ല എന്നു കാണിക്കുന്ന കത്തോടുകൂടി 2015 ജൂൺ 10 മുതൽ ജൂൺ 20 നകം നേരിട്ട് ഹാജരായി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. വിശദ വിവരങ്ങൾ www.openschool.kerala.gov.in എന്ന വെബ്സൈറ്റിലും. 0471 2342271, 2342369, 0483 2734295 എന്നീ ഫോൺ നമ്പറുകളിലും ലഭിക്കുന്നതാണ്.

ഡയറക്ടർ

C1/E/A1/Letters/New/Dir.MAK/2